# പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

| | |
|---|---|
| **നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *316** | **11.11.2019-ൽ മറുപടിക്ക്** |

**വാളയാറിലെ പെൺകുട്ടികളുടെ മരണം**

| **ചോദ്യം**<br>**ശ്രീ. ടി.എ.അഹമ്മദ് കബീർ**<br>**ശ്രീ. കെ.എം.ഷാജി**<br>**ശ്രീ. പാറക്കൽ അബ്ദുല്ല**<br>**ഡോ. എം. കെ. മുനീർ** | | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** | |
|---|---|---|---|
| (എ) | വാളയാറിലെ സഹോദരങ്ങളായ പെൺകുട്ടികളുടെ മരണം സംബന്ധിച്ച കേസ്സിലെ പ്രതികളെ കോടതി വെറുതെ വിട്ടതിന് കാരണക്കാർ ആരെല്ലാമെന്ന് കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) യും (ബി) യും (സി) യും | വാളയാറിലെ സഹോദരങ്ങളായ രണ്ട് പെൺകുട്ടികളുടെ അസ്വാഭാവിക മരണം സംബന്ധിച്ച് ആദ്യ അന്വേഷണത്തിൽ വീഴ്ച വരുത്തിയ പോലീസ് സബ് ഇൻസ്പെക്ടറെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തുകൊണ്ട് അച്ചടക്ക നടപടി സ്വീകരിക്കുകയും സർക്കിൾ ഇൻസ്പെക്ടർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തു. കേസ് അന്വേഷണത്തിന് അന്ന് മേൽനോട്ട ചുമതലയുണ്ടായിരുന്ന ഡി.വൈ.എസ്.പിയുടെ വിശദീകരണവും തേടിയിരുന്നു.<br>ഈ സംഭവത്തിൽ പാലക്കാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടായിരുന്ന ജി. പൂങ്കുഴലി ഐ.പി.എസിന്റെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചാണ് അന്വേഷണം പൂർത്തിയാക്കിയത്.<br>പോലീസിന്റെയും പ്രോസിക്യൂഷന്റേയും ഭാഗത്ത് കേസ് കൈകാര്യം ചെയ്തതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന ആക്ഷേപവും പരിശോധിക്കുന്നതാണ്. |
| (ബി) | കേസ് അന്വേഷണത്തിൽ പോലീസിന് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | | |
| (സി) | കോടതി നടപടികളിലെ പ്രോസിക്യൂഷന്റെ വീഴ്ച അന്വേഷണവിധേയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) | വാളയാർ അട്ടപ്പള്ളത്തെ പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികളുടെ ആത്മഹത്യ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളിൽ ഉൾപ്പെട്ട 4 പ്രതികളെ വെറുതെവിട്ട സംഭവം ഗൗരവമായി പരിഗണിക്കുന്നുണ്ട്. ബഹു. കോടതി ഉത്തരവിനെതിരെ മേൽക്കോടതിയിൽ അപ്പീൽ നൽകുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ